"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എട്ടാമത് സരസ് മേള, കോട്ടയം - മേള നടത്തിപ്പിനായി കുടുംബശ്രീക്ക് തുക അനുവദിക്കുന്നതിന് കോട്ടയം ജില്ലയിലെ ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയ്ക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2926/2022/LSGD തീയതി,തിരുവനന്തപുരം, 26-11-2022

---

പരാമർശം:-
1. 16.07.2016 തീയതിയിലെ സ.ഉ.(സാധാ) 2141/2016/LSGD നമ്പർ സർക്കാർ ഉത്തരവ്
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17.11.2022-ലെ 4027/M-NRLM/2022/KSHO നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് സരസ് മേളകൾ സംഘടിപ്പിക്കുന്നതിനുള്ളചുമതല പരാമർശം (1) പ്രകാരം കുടുംബശ്രീയ്ക്കാണ് നൽകിയിട്ടുള്ളത്. കുടുംബശ്രീയുടേയും കോട്ടയം ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പങ്കാളിത്തത്തോടെ 2022-23 വർഷത്തെ സരസ് മേള കോട്ടയം ജില്ലയിലെ നാഗമ്പടം മൈതാനത്ത് വച്ച് 2022 ഡിസംബർ 14 മുതൽ 24 വരെ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സരസ്സ് മേളയുടെ നടത്തിപ്പിനായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയം കുടുംബശ്രീയ്ക്ക് അനുവദിക്കാറുള്ള തുക അപര്യാപ്തമായതിനാൽ മേളയുടെ നടത്തിപ്പിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്നും 5 ലക്ഷം രൂപയും കോട്ടയം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും 2 ലക്ഷം രൂപ വീതവും ഗ്രാമപഞ്ചായത്തുകളിൽ നിന്നും 50000/- രൂപ വീതവും മുൻസിപ്പാലിറ്റികളിൽ നിന്നും 2 ലക്ഷം രൂപയും കൂടാതെ മേളയുടെ വേദിയാകുന്ന കോട്ടയം മുൻസിപ്പാലിറ്റിയിൽ നിന്നും 5 ലക്ഷം രൂപയും ലഭ്യമായ തനത് ഫണ്ടിൽ നിന്നോ പദ്ധതി വിഹിതത്തിൽ നിന്നോ കുടുംബശ്രീക്ക് നൽകുന്നതിന് അതാത് ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഇന്ത്യയൊട്ടാകെയുള്ള സ്ത്രീ

സംരംഭകരാണ് (SGSY/NRLM-ന് കീഴിലുള്ള സ്വയംസഹായ സംഘങ്ങൾ) സരസ് മേളയിൽ അവരുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി എത്തിച്ചേരുന്നത്. സംരംഭകർക്ക് അവരുടെ തനത് ഉല്പന്നങ്ങൾ ഇടനിലക്കാരില്ലാതെ ഉപഭോക്താക്കളിലേയ്ക്ക് നേരിട്ട് എത്തിക്കാനും വിപണനത്തിലൂടെ മാന്യമായ വരുമാനം നേടിയെടുക്കുന്നതിനുമുള്ള ഒരു അവസരമാണിത്. അതോടൊപ്പം തന്നെ ഭാരതത്തിന്റെ ബഹുസ്വരതയെ ആഘോഷിക്കാനും ഉയർത്തിപ്പിടിക്കാനും ലക്ഷ്യം വച്ചു കൊണ്ട് സംഘടിപ്പിക്കുന്ന സരസ് മേളയുടെ പ്രാധാന്യം സർക്കാർ മനസ്സിലാക്കുന്നു.

3.മേൽ സാഹചര്യത്തിൽ, എട്ടാമത് സരസ് മേള കോട്ടയം ജില്ലയിൽ വിജയകരമായി സംഘടിപ്പിക്കുന്നതിന് വേണ്ടി, കോട്ടയം ജില്ലാ പഞ്ചായത്ത് 5 ലക്ഷം രൂപയും കോട്ടയം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ 2 ലക്ഷം രൂപ വീതവും ഗ്രാമ പഞ്ചായത്തുകൾ 50,000/- രൂപ വീതവും മുൻസിപ്പാലിറ്റികൾ 2 ലക്ഷം രൂപ വീതവും, കൂടാതെ, മേളയ്ക്ക് വേദിയാകുന്ന കോട്ടയം മുൻസിപ്പാലിറ്റി 5 ലക്ഷം രൂപയും, ലഭ്യമായ തനത് ഫണ്ടിൽ നിന്നോ പദ്ധതി വിഹിതത്തിൽ നിന്നോ കുടുംബശ്രീക്ക് നൽകുന്നതിന് അതത് ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
കോട്ടയം ജില്ലയിലെ എല്ലാ ജില്ലാ/ ബ്ലോക്ക്/ ഗ്രാമപഞ്ചായത്ത്/ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
കോട്ടയം ജില്ലയിലെ എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പിആർഡി
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Nisam N
Date: 26-11-2022 14:18:20

സ.ഉ.(സാധാ) നം.2926/2022/LSGD

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി